## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **11-10-2024 - ൽ മറുപടിയ്ക്ക്**

## പാലുല്പാദനത്തിന്റെ വളർച്ചയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇൗ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? ഇ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡെയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നി പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും, ക്ഷീര കർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവയന്ത്രം വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. SHG/JLG തുടങ്ങിയ വിവിധ രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് പശുപരിപാനത്തിനാവശ്യമായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ, തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ "ക്ഷീരഗ്രാമം" പദ്ധതി, തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സ്പെഷ്യൽ ഡെയറി പാക്കേജ് എന്നിവയും നടപ്പിലാക്കുന്നു. പാൽ ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം, തീറ്റപ്പുൽക്കൃഷി ആധുനികവത്കരണവും യന്ത്രവത്കരണവും, തരിശുഭൂമിയിൽ തീറ്റ പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMR, ധാതുലവണ മിശ്രിതം എന്നിവ സംഘത്തിൽ നിന്നും വാങ്ങുന്നവർക്കുള്ള ധനസഹായം എന്നിവ അനുവദിച്ചു വരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ |

| | | | |
|---|---|---|---|
| | | | സബ്സിഡി, ഡെയറി യൂണിറ്റുകൾക്ക് സബ്സിഡി, ധാതുലവണ മിശ്രിത സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, ഡെയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു.<br><br>കൂടാതെ, മിൽമയുടെ മൂന്ന് മേഖല യൂണിയനുകൾ ക്ഷീര കർഷകരുടെ ഉത്പാദനചെലവ് കുറച്ചുകൊണ്ട്, നിലവിലുള്ള കർഷകരുടെ കൊഴിഞ്ഞുപോക്കു തടയുന്നതിനും പുതിയ ആൾക്കാരെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ പാൽഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി തങ്ങളുടെ പ്രവർത്തന ലാഭത്തിന്റെ വലിയൊരു പങ്ക് കാലിത്തീറ്റ സബ്സിഡി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി ദത്തെടുക്കൽ പദ്ധതി, റിവോൾവിംഗ് ഫണ്ട്, കാലിത്തൊഴുത്ത് നവീകരണ ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കന്നുകാലി കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽവില വ്യത്യാസം, പ്രതീക്ഷാ പദ്ധതി, വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റ്, കറവ യന്ത്രം വാങ്ങി ഉപയോഗിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി, ക്ഷീരസമാശ്വാസം, ക്ഷീരസദനം മുതലായ പദ്ധതികളിലൂടേയും ക്ഷീരകർഷകർക്ക് സഹായം എത്തിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ